ലേഖനം നമ്പർ - 3

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

**ആമുഖം (പാർട്ട് 3) :**

പള്ളിയുടെ ഭാഗങ്ങൾ :
(വിശ്വാസികളെ കാണിച്ചുകൊടുക്കണം)

### 1. മദ്ബഹായും ത്രോണോസും (മദ്ബഹാ - അതിവിശുദ്ധ സ്ഥലം)

യാഗം, ബലി എന്നർത്ഥമുള്ള സുറിയാനി വാക്കാണ് മദ്ബഹാ. പള്ളിയുടെ കിഴക്കേ അറ്റത്തു സ്ഥിതി ചെയ്യുന്ന മദ്ബഹായ്ക്ക് ബെസ്കുദ്ശോ എന്നും പേരു പറയും. മദ്ബഹായിലേക്കു പ്രവേശിക്കുവാൻ പ്രത്യേക വാതിൽ ഉണ്ടായിരിക്കണം. അത് വരുവാനുള്ള ലോകത്തിന്റെ പ്രതീകമാകയാൽ അയ്മേനികൾക്ക് പ്രവേശനമില്ല. വൈദികസ്ഥാനികൾ, ചെരുപ്പു ധരിച്ചുകൊണ്ടു മാത്രമേ അവിടേക്കു പ്രവേശിക്കാവൂ എന്നും, സ്ത്രീകൾ അവിടേക്കു പ്രവേശിക്കരുതെന്നും പിതാക്കന്മാർ പഠിപ്പിക്കുന്നു. മദ്ബഹായുടെ ഒരുവശത്തെങ്കിലും ശുശ്രൂഷാമുറി ഉണ്ടായിരിക്കണം.

ത്രോണോസ് എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം സിംഹാസനമെന്നാണ്. വൈദീകർക്കും, ശെമ്മാശന്മാർക്കും മാത്രമെ അതിന്മേൽ സ്പർശിക്കുവാൻ അനുവാദമുണ്ടായിരുന്നുള്ളു. വളരെ ബഹുമാനത്തോടുകൂടി മാത്രം ത്രോണോസിനെ സമീപിക്കേണ്ടതാണ്. മദ്ബഹായുടെ നടുവിലായിരുന്നു ത്രോണോസ് ക്രമീകരിച്ചിരുന്നത്. എന്നാൽ ഇന്ന് സൗകര്യാർത്ഥം അൽപം കിഴക്കോട്ടുമാറ്റിയാണ് ത്രോണോസ് സ്ഥാപിക്കുന്നത്. കർത്താവിന്റെ സിംഹാസനവും കബറുമാണ് ത്രോണോസ്. കർത്താവ് ഒരിക്കൽ മാത്രമാണ് കബറടക്കപ്പെട്ടത് എന്നതിനാൽ ഒരു ത്രോണോസിൽ ഒരു ദിവസം ഒരു കുർബ്ബാന മാത്രമേ നടത്താറുള്ളു (അതുപോലെ ഒരു വൈദികന് ഒരു ദിവസം ഒരു കുർബ്ബാനമാത്രമേ ചൊല്ലുവാൻ അർഹതയുള്ളൂ). പരി. ത്രിത്വത്തിന്റെ സാന്നിദ്ധ്യവും ത്രോണോസിൽ ഉള്ളതുകൊണ്ടാണ് പിതാവ്, പുത്രൻ, പ.റൂഹാ എന്നീ മൂന്ന് ആളത്വങ്ങളുടെ പേരിലും അതിന്മേൽ ധൂപം വീശുന്നത്.

ത്രോണോസിനു മുൻപിൽ പട്ടക്കാരനു നിൽക്കാൻ ഒരു പടിയുണ്ടായിരിക്കണം. ദർഗ എന്നു പേരുപറയുന്ന ഈ നടക്കല്ലിൽ നിന്നാണ് കുർബ്ബാന, പട്ടംകൊട മുതലായ ശുശ്രൂഷയുടെ ഭൂരിഭാഗവും നിർവ്വഹിക്കുന്നത്.

### 2. കെസ്തൃമോ: (അഴിക്കകം - വിശുദ്ധസ്ഥലം)

കാറ്റാസേ്ട്രോമാ എന്ന ഗ്രീക്കുപദത്തിൽ നിന്ന് ഉത്ഭവം. ഇതിന്റെ വാച്യാർത്ഥം പരന്ന് ഉയർന്ന സ്ഥലം എന്നാണ്. മദ്ബഹായ്ക്കും, വിശ്വാസികൾക്കുള്ള ഹൈക്കലായ്ക്കും ഇടയിലുള്ള സ്ഥലമാണിത്. അഴിക്കകം എന്ന് നമ്മുടെ നാട്ടിൽ പറയാറുള്ള, ശിശുക്കൾക്ക് നിൽക്കുവാനുള്ള സ്ഥലമാണിത്.

### 3. തിരശീല:

മദ്ബഹായെ കെസ്ത്രുമോയിൽ നിന്ന് വേർതിരിക്കുന്നത് തിരശീല കൊണ്ടാണ്. സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള വേർതിരിവിനെ ഇതു സൂചിപ്പിക്കുന്നു. മദ്ബഹായുടെ തിരശ്ശീല ഇടത്തോട്ടു നീക്കുന്നത് ഉയർത്തെഴുന്നേറ്റ കർത്താവിനെ സ്ത്രീകൾ ആദ്യം കണ്ടതിന്റെ സൂചനയായാണ് പള്ളിയിൽ വലതുവശത്ത് നിൽക്കുന്ന സ്ത്രീകൾ തിരശ്ശീല ഇടത്തോട്ടു വലിക്കുമ്പോൾ ത്രോണോസ് ആദ്യം കാണുന്നു. വി. കുർബ്ബാനസമയത്ത് ഓരോ പ്രാവശ്യവും മറ തുറക്കുകയും അടക്കുകയും ചെയ്യുമ്പോഴുള്ള പ്രത്യേക അർത്ഥങ്ങൾ അതാതു സ്ഥലങ്ങളിൽ വിവരിക്കുന്നുണ്ട്.

### 4. ഹൈക്കലാ:

പള്ളിയുടെ ഏറ്റവും വിസ്തൃതമായ വിശ്വാസികൾ നിൽക്കുന്ന സ്ഥലമാണിത്.

### 5. ബീമാ :

സിംഹാസനം എന്ന് അർത്ഥമുള്ള സുറിയാനിപദം. ഹൈക്കലായുടെ നടുവിലുള്ള സ്ഥലം. പ്രധാന പെരുന്നാളുകളിൽ സ്ളീബാ ആഘോഷം നടത്തുന്നതിന് ഇത് ഉപയോഗിക്കുന്നു. മൂറോൻ കൂദാശ നടത്തുമ്പോൾ വൈദികരും, ശെമ്മാശന്മാരും അടങ്ങുന്ന ഒരു സംഘം ബീമായിൽ നിൽക്കണം.

### 6. ദൊർത്തോ :

ഈ സുറിയാനി പദത്തിന്റെ അർത്ഥം മുറ്റം എന്നാണ്. വേദപഠിതാക്കൾക്കും, പിശാചു ബാധിതർക്കും, അനുതാപികൾക്കും മറ്റും നിൽക്കുവാനുള്ള സ്ഥലം. ഈ സ്ഥലത്തിന് നാടകശാല എന്നും പൂമുഖം എന്നും പറയുന്നു. സാധാരണയായി ദൊർത്തോ ഹൈക്കലായുടെ പടിഞ്ഞാറു ഭാഗത്തായി നിർമ്മിച്ചിരിക്കും.

*(തുടരും....)* ■

Editorial Board : P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design: Cornet, Cochin
***Website: www.stmarysorthodoxcathedralekm.org  Email: georgekaithayil@yahoo.com  For Private Circulation only***
**Edited & Published by :** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone: 0484-2352490**





PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 7  ISSUE : 8  AUGUST 2013

## എഡിറ്റോറിയൽ

# ആലയം പണിയുന്നവർ

".......നീ വളരെ രക്തം ചിന്തി വലിയ യുദ്ധങ്ങളും ചെയ്തിട്ടുണ്ട്. നീ എന്റെ നാമത്തിന് ഒരു ആലയം പണിയരുത്; നീ എന്റെ മുമ്പാകെ ഭൂമിയിൽ ബഹുരക്തം ചിന്തിയിരിക്കുന്നു (1. ദിന. 22:8). ദാവീദ് മകനായ ശലോമോനെ യഹോവയുടെ ആലയം പണിയാൻ ചുമതലപ്പെടുത്തിയപ്പോൾ തനിക്ക് യഹോവയിൽ നിന്നുണ്ടായ അരുളിപ്പാടിനെക്കുറിച്ച് പറയുന്നതാണ് ഈ ഭാഗം.

യുദ്ധങ്ങളിലെല്ലാം തന്നോടുകൂടെയിരുന്ന് രക്ഷിച്ച യഹോവക്ക് ഒരാലയം പണിവാൻ ദാവീദിന് ആഗ്രഹമുണ്ടായിരുന്നു. അതിനുള്ള ഒരുക്കൂട്ടലുകൾ ദാവീദ് നടത്തുകയും ചെയ്തു. എന്നാൽ യഹോവയുടെ നിശ്ചയം മറ്റൊന്നായിരുന്നു. രക്തം ചിന്തിയതിനാൽ ആലയം പണിയാൻ യോഗ്യനല്ലെന്നായിരുന്നു ദൈവനിശ്ചയം.

പലയാളുകളും നന്മ ചെയ്യാൻ ആഗ്രഹിക്കുന്നത് അവരുടെ പ്രശസ്തിക്കുവേണ്ടി മാത്രമായിരിക്കും. അവരുടെ നന്മപ്രവർത്തികൾ പള്ളിയിൽ വിളിച്ചുപറയണമെന്നും, പത്രത്തിൽ പരസ്യപ്പെടുത്തണമെന്നും അവർ വ്യവസ്ഥ വെച്ചെന്നിരിക്കും. പക്ഷെ ദൈവം അവരുടെ മനസ്സ് ശുദ്ധമായിരിക്കണമെന്ന് ആഗ്രഹിക്കുന്നു. ദാവീദ് ദൈവത്തിന്റെ പ്രിയപുത്രനായിരുന്നെങ്കിലും രക്തം ചിന്തിയ കൈകളാൽ തനിക്ക് ആലയം പണിയുന്നതിനോട് താൽപര്യം ഇല്ലായിരുന്നല്ലൊ യഹോവയ്ക്ക്.

നല്ല മനസ്സുള്ളവരുടെയും, ശുദ്ധ ജീവിതം നയിക്കുന്നവരുടെയും സഹായം ലഭിക്കുന്നവരാണ് ദൈവാനുഗ്രഹമുള്ളവരെന്നു കാണാം. നമ്മെ ദൈവം അളക്കുന്നത് നാം കൊടുക്കുന്നതിലൂടെയാണ്; സ്വീകരിക്കുന്നതിലൂടെയല്ല. നമ്മുടെ പ്രാർത്ഥനയും "ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം തരേണമെ" എന്നാണല്ലൊ. അല്ലാതെ "എനിക്കാവശ്യമായ അപ്പം തരേണമെ" എന്നാകരുത്.

വി. പൌലൊസ് റോമർക്കെഴുതിയ ലേഖനത്തിൽ ഇങ്ങനെ കാണുന്നു."ഞാൻ ചെയ്‌വാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലൊ. ഇച്ഛിക്കാത്ത തിന്മയത്രെ ചെയ്യുന്നത്" (റോമർ 7:19). പലപ്പോഴും നാം ഇച്ഛിക്കാത്ത തിന്മ പ്രവർത്തിക്കുന്നതിന് കാരണം നമ്മിൽ വസിക്കുന്ന പാപമാണെന്നാണ് സുവിശേഷകൻ പറയുന്നത്. നാം ജഡം കൊണ്ട് പാപത്തിന്റെ പ്രമാണത്തെ സേവിക്കുന്നെന്നാണ് വി. പൌലൊസ് പറയുന്നത്.

നാം നന്മ ചെയ്യുവാൻ തീരുമാനിക്കുമ്പോൾ നാം തന്നെ ശുദ്ധമാനസരാകണം. അതിനുള്ള തീരുമാനം എടുക്കുവാൻ ദൈവത്തോട് കൂടുതൽ അടുത്തുകൊണ്ട് അപേക്ഷിക്കണം. എങ്കിൽ മാത്രമെ നമ്മുടെ മോഹങ്ങളെ നിയന്ത്രിച്ച് ബാക്കിയുള്ളവർക്കുവേണ്ടി പ്രവർത്തിക്കുവാൻ നമ്മെ ദൈവം അനുവദിക്കുകയുള്ളൂ. അപ്പോഴാണ് ദൈവത്തിനുള്ള ആലയം പണിയുവാൻ നാം യോഗ്യരാകുന്നത്. ■

## ഇടയ ലേഖനം

# THE THEOTOKOS AS AN ICON OF FORTITUDE, DEDICATION, AND RECEPTOR OF THE GRACE OF GOD

- Dr. Yakob Mar Irenaios Metropolitan



The "Mariology" of the Orthodox Churches slightly varies from the affirmations of the Roman Church. Not only that the Orthodox Churches rule out any dogma of the "Immaculate" nature of St. Mary,but they never teach that she is a "co- redeemer" along with her Son.

The Orthodox believe that Saint Mary represents the Church, with its frailties, visions and divine "assignments".She is eulogised as an epitome of courage and total dedication to the Will of God. In fact, that exactly, is the assigned role of the Church, i. e. to listen to the Word of God, believe it and disseminate it in practice. Her readiness and declaration of accepting the "Announcement" originating from God, is the high point in her life. The rare courage and balance of mind which she evinces at the scene where the archangel confronts her with the terrifying news of the birth of God from her, who is still a virgin, has no parallel in human history. As per her prophecy, every generation continues to call her blessed.

What is surprising is the amazing presence of mind she evinces at the myriad "wonderful" things happening in her life.Any one else in her place would have been 'bowled over' by the enormity of happenings about her! Somehow she holds her peace, and looks at everything as they are planned by God. She has no complaints, no claims to be "super" or specific plans for her life. She might well acknowledge that leaving boy Jesus in the Temple at the time of the festival, certainly was a shortcoming in her as a mother. She should have cared better for him.

She shows no resistance when her son leaves his home to start his public ministry; the Gospel records one instance when she came in search of him. Even at that point there is no evidence of over eaction on her part.The most painful moment in her life was when she saw that her son was dying as a criminal on the cross. A sword did actually pass through her heart!

Today, she tells us about listening to God and obeying Him, about parenting, how to joyfully accept privations and persecutions for the sake of God, how to be blameless in our life and conduct..... Let us listen to her, who is the true "God- bearer". Her death is called "Dormition" in the Orthodox tradition, i.e. the 'sleep' of St. Mary. She slept in her Lord. However the psalmist's promise that the holy ones of God shall escape corruption was fulfilled in her.(Psalm 16: 1)The human body that Lord Jesus assumed was taken from her, and Jesus ascended to heaven bodily. Hence that human body is now enthroned on the right hand side of God!

She has been placed in high honour; her place is above all angels and saints; and hence her appeal to her Son shall always be heeded, for she enjoys a freedom at the throne of God. As a mother she can very well understand the travails of her children; so she will certainly intercede on our behalf to her Son and Saviour Jesus Christ! She is "Mother" for us all!

The Church celebrates her Dormition after a fortnight of fasting and prayer. That itself is the proof for the high esteem that the Church has endowed her with. For no other saint, there is an official fasting season attached to the birth/ death of that person.

May the continuing prayers of the THEOTOKOS - the God bearer, be a stronghold for us and our departed! ■

## വികാരിയുടെ കത്ത്

# കൂപവിചാരങ്ങൾ



**ഫാ. അലക്സ് പി. ജോർജ്ജ്**

**1.** യിരമ്യാവ്. 2:13–**"എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു. അവർ ജീവജലത്തിന്റെ ഉറവയായ എന്നെ ഉപേക്ഷിച്ചു, വെള്ളമില്ലാത്ത കിണറുകളെ, പൊട്ടക്കിണറുകളെ തന്നെ കുഴിപ്പിച്ചിരിക്കുന്നു."**

കിണറുകൾ ശുദ്ധ ജലത്തിന്റെ ഉറവിടമാണല്ലോ! പുതിയ ദാഹശമനികൾ ശീലിക്കുന്നതിനു മുമ്പ് സ്വന്തം കിണറ്റിലെ ജലം ഒരു കൈക്കുമ്പിൾ കുടിച്ചാൽ നമ്മുടെ ദാഹം ശമിച്ചിരുന്നു. ഇത് അത്രമേൽ തെളിമയും, ശുദ്ധിയും, കുളിർമ്മയും നമുക്ക് നൽകിയിരുന്നു. അത് ഒരു മധുര ഓർമ്മയായി ഇന്ന് ശേഷിക്കുന്നു. എന്നാൽ പുതിയ ദാഹശമനികൾ എത്ര കുടിച്ചിട്ടും നമ്മുടെ ദാഹം തീരുന്നില്ല. ഈ പ്രവണത ദൈവ-മനുഷ്യബന്ധത്തിലും പ്രകടമാണ്. ആത്മീയ ദാഹം തീർക്കുവാൻ നാം പായുകയാണ്. ജീവിതത്തിന്റെ ഉഷ്ണം ശമിക്കുന്നേയില്ല. എന്താണ് കാരണം, നമ്മുടെ പുതിയ ആത്മീയ സങ്കേതങ്ങൾ ജീവജലത്തിന്റെ ഉറവകളല്ല എന്നതു തന്നേ. പുതിയ ആത്മീയ പാനീയങ്ങൾക്ക് മനുഷ്യന്റെ ആത്മാവിനെ തണുപ്പിക്കുവാൻ സാധിക്കുന്നില്ല. കോള കുടിച്ച് ശരീരം നശിപ്പിക്കുന്നതു പോലെ പുത്തൻ പരിഷ്കാരങ്ങൾ സമൂഹത്തേയും തെറ്റായ ആത്മീയതയാണ് പഠിപ്പിക്കുന്നത്. നമ്മുടെ വളപ്പിലെ കിണറുകൾ നാം വൃത്തിയാക്കും, വെള്ളം വറ്റുമ്പോൾ പാറകൾ പൊട്ടിച്ച് ആഴം കൂട്ടും, കിണർ വീണ്ടും ശുദ്ധജലംകൊണ്ട് നിറയും. നമ്മുടെ മതവും, സഭകളും വ്യത്യസ്തമാകാം, പക്ഷെ കാലാകാലങ്ങളിൽ ഹൃദയകൂപത്തിൽ അടിഞ്ഞുകൂടിയ ചെളി തേവിക്കളയ ണം, പാപത്തിന്റെ പാറകൾ തകർക്കണം. ഹൃദയം നിറയും, കിണർ ഉപേക്ഷിച്ച് പുതിയ കിണറുകൾ തേടുകയല്ല വേണ്ടത്.

**2. കന്യാമറിയം പുതിയ കിണർ**

ആഗസ്റ്റ് 1–15 വരെ ദൈവമാതാവിന്റെ വാങ്ങിപ്പ് നോമ്പ് ആചരിക്കുകയാണല്ലോ.

സുറിയാനി സഭാ പിതാവായ സെറുഗിലെ മോർ യാക്കോബ് കന്യകമറിയാമിനെ പുതിയ കിണർ എന്ന് സംബോധന ചെയ്തിട്ടുണ്ട്. കാരണം, പാപത്തിന്റെ ഉഷ്ണത്തിൽ പിടഞ്ഞിരുന്ന സൃഷ്ടിക്ക് ക്രിസ്തുവാകുന്ന ജീവജലത്തെ ദൈവം നൽകിയത് കന്യകമറിയാമിലൂടെയാണ്. സുറിയാനി സഭാപാരമ്പര്യത്തിൽ ദൈവവചന ശ്രവണത്തിന് വളരെ പ്രാധാന്യമുണ്ട്. നമ്മുടെ ആരാധനകൾ ശ്രദ്ധിച്ചാൽ വ്യക്തമാകുന്ന ഒരു യാഥാർത്ഥ്യമുണ്ട്, ആരാധനയിൽ ദൈവവചന വായന (വി. ഏവൻഗേലിയോൻ) നിർബന്ധമാണ്. പ്രാർത്ഥനകൾ ദൈവവചന ആശയങ്ങൾ ഉൾക്കൊണ്ടതും, ദൈവവചന വ്യാഖ്യാനങ്ങൾ തന്നെയുമാണ്. ദൈവവചനം കേൾക്കുകയും ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുകയും ചെയ്തതിന് ഉത്തമമാതൃക കന്യാമറിയമാണ്. "കാതതിലൂടുൾ പൂകി ബാലിക തന്നിൽ വചനം വാണു" (യൽദോ പെരുന്നാൾ രാത്രി നമസ്കാരം).

നമ്മുടെ ജീവിതത്തിൽ ദൈവവചനം കേൾക്കുകയും, നല്ല നിലത്ത് വീണ വിത്തു പോലെ മുളച്ച് 30, 60,100 മേനിയായി അവ ഹൃദയഭൂമിയിൽ വിളയിച്ച് സമൂഹത്തിന് നൽകുകയും വേണം. കന്യകമറിയാം ജീവജലമായ ക്രിസ്തുവിനെ ലോകത്തിന് നൽകിയത് പോലെ ഓരോ വിശ്വാസിയും ക്രിസ്തുവിനെ പങ്കുവെക്കുന്ന വ്യക്തിയായി മാറണം.

**3. "വരട്ടെ; പാറ പൊട്ടിക്കണം, വെള്ളം കാണണം. ജീവിതം എന്നത് അതാണ്. നമുക്കും ജീവിക്കണം മനസ്സ് പൊട്ടക്കിണറാകരുത്" (കവി പി. കുഞ്ഞിരാമൻ നായരുടെ ആത്മകഥ പേജ് – 44)**

കവിവചനം ശ്രദ്ധിക്കുക. മനസ്സിൽ ജലസാന്നിദ്ധ്യം വേണമെന്ന്. പൊട്ടക്കിണർ ശൂന്യമാണ്. അഴുക്ക് നിറഞ്ഞ് ആരാലും ശ്രദ്ധിക്കപ്പെടാതെ അപകട കെണിയായി കിടക്കുന്ന ഇടം. മനുഷ്യന്റെ മനസ്സ്, ഹൃദയം, ബുദ്ധി ഇവയിൽ നനവുവേണം. സ്വന്തം വീട്ടിലെ കിണർ വൃത്തിയാക്കുന്നതിനെക്കുറിച്ചാണ് അദ്ദേഹം പറയുന്നത്. നമ്മുടെ ചിന്തകളിൽ നന്മയുടെ നനവുണ്ടോ? ചിന്തയിൽ നന്മയുണ്ടെങ്കിലേ വാക്കിലും പ്രവർത്തിയിലും നന്മയുണ്ടാവുകയുള്ളൂ. നമ്മുടെ ഉള്ളടരുകൾ വൃത്തിയായി സൂക്ഷിക്കുക. വൃത്തിയുള്ള കിണറുകൾ മാത്രമെ ഉപയോഗപ്രദമായിത്തീരുകയുള്ളൂ. നമ്മുടെ ജീവിതം ശുദ്ധജലസംഭരണിയായിത്തീരണം. വേനൽക്കാലത്തും വറ്റാത്ത ചില കിണറുകൾ കണ്ടിട്ടില്ലേ. ദാഹജലം തേടി ദൂരെനിന്ന് പോലും വരുന്ന ആളുകൾ. തിന്മയുടെ കടുത്തവേനലിലും വറ്റാത്ത നന്മയുള്ള മനുഷ്യരായി നാം മാറണം. നമ്മിൽ നിന്ന് നന്മയുടെ ദാഹജലം എല്ലാവർക്കും നൽകണം. പൊട്ടക്കിണറാകരുത്. ■

## ഉറങ്ങുന്ന ദേവാലയങ്ങൾ

ലണ്ടൻ നഗരത്തിലെ വിശ്വവിഖ്യാതമായ സെന്റ് പോൾസ് കത്തീഡ്രലിൽ ദിവസവും വന്നുപോകുന്ന സഞ്ചാരികളുടെയും വിശ്വാസികളുടെയും എണ്ണം വളരെ വലുതാണ്. എന്നാൽ ഇംഗ്ലണ്ടിന്റെ തെക്കേ സമുദ്ര തീരത്തു സ്ഥിതി ചെയ്യുന്ന സോമർസെറ്റ് കൗണ്ടിലെ അവസ്ഥ തുലോം വിഭിന്നമാണ്. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ഗ്രാമങ്ങളാൽ സമ്പന്നമാണിവിടം. നീണ്ടു പരന്നുകിടക്കുന്ന പുൽത്തകിടികളും അതിൽ മേയുന്ന കാലികളും കുതിരകളും കുതിരപ്പുറത്തു കയറിപ്പോകുന്ന പെൺകുട്ടികളും ഇവിടത്തെ നിത്യേനയുള്ള കാഴ്ചയാണ്.

ചരിത്ര പ്രാധാന്യമുള്ള അനേകം ദേവാലയങ്ങൾ ഇവിടെയുണ്ട്. വാസ്തു ശില്പ വൈദഗ്ധ്യം കൊണ്ട് അവ ഒന്നിനൊന്ന് മെച്ചപ്പെട്ടതാണ്. അകത്തെ ചുവർചിത്രങ്ങളും കുറിപ്പുകളും അവയുടെ പ്രാധാന്യത്തെ വെളിപ്പെടുത്തുന്നു. ഇവയിൽ പലതിലും ആരാധന ഇല്ല. ഉള്ളതിലോ, നാലോ അഞ്ചോ പേർ ആരാധനക്കായി വരുന്നു. ദേവാലയത്തിനകത്തു കടന്നാൽ വല്ലാത്ത കുളിർമയും ശാന്തതയുമാണ് അനുഭവപ്പെടുക. രാവിലെ മുഴങ്ങുന്ന മണിനാദം ഒരു ആചാരമെന്നോണം തുടരുന്നു. എല്ലാ ദേവാലയങ്ങളും വൃത്തിയായി സൂക്ഷിക്കുന്നത് അവിടത്തെ മുതിർന്ന പൗരൻമാരുടെ കൂട്ടായ്മയാണ്. അവർ പ്രതിഫലേഛ ഇല്ലാതെ തങ്ങളുടെ ജോലി കൃത്യമായി ചെയ്യുന്നു. ദേവാലയങ്ങൾക്കടുത്ത് വിശാലമായ ശ്മശാനങ്ങൾ കാണാം. വലിയ കരിങ്കൽകുരിശുകളിൽ പേരുവിവരങ്ങളും മറ്റും ആലേഖനം ചെയ്തിരിക്കുന്നു. ആ കല്ലറകൾ ഏതോ ഗതകാല സ്മരണകൾ ഉയർത്തി അങ്ങനെ നിലകൊള്ളുന്നുണ്ടായിരുന്നു. പള്ളികളും പരിസരവുമെല്ലാം ഒരു ആലസ്യത്തിലായിരുന്നു. വിവാഹങ്ങൾ പള്ളിയിലാണോ ഇപ്പോൾ നടത്തപ്പെടുന്നത് എന്ന ചോദ്യത്തിന് അതു വളരെ ചിലവേറിയ ഒരു ഏർപ്പാടാണെന്നു പറഞ്ഞ് ചിലർ ചിരിച്ചു. "ഞങ്ങൾ ക്രിസ്ത്യാനികളാണ് പക്ഷെ ക്രിസ്ത്യാനിറ്റി പ്രാക്ടീസ് ചെയ്യാറില്ല." വേറൊരു പ്രതികരണം.

ഒരുകാലത്ത് ആ ദേശത്തിന്റെ സിരാകേന്ദ്രമായിരുന്നു ഈ ദേവാലയങ്ങൾ. അവയിൽ ആഘോഷങ്ങളും ആരാധനകളും നടന്നിരുന്നു. ചരിത്രമുറങ്ങുന്ന ഈ ദേവാലയങ്ങൾ ഇന്ന് ഉറങ്ങുകയാണ്. അവ ഉണരുമോ? ആരെങ്കിലും എന്നെങ്കിലും ഉണർത്തുമായിരിക്കും.

– **ഷീല ഫിലിപ്പ്,** സെക്രട്ടറി, മർത്തമറിയം സമാജം ■





# THE MISSING GOD

Petson Peter C

The twin boys aged about seven years of Avirachan created all kinds of problems in the neighborhood where they lived. Avirachan, a mechanic by profession used to come home in an inebriated condition who regularly pitches a quarrel with his wife before their children showering all types of filthy words. On a Sunday evening, their Parish priest visited enquiring the well being of the family. The mother of the twins presented a list of complaints concerning her husband and children. Giving a patient ear to the list, the priest called the children by his side and spoke in a silent mode that your God is missing from the house. In the next moment the clergy asked them, where is your God? The twin boys looked at each other surprisingly and kept mum. Breaking the silence the priest once again repeated the question with a little harshness in his voice. This time the children ran to their mother and sobbed confessing that they are not the culprits! Their mother a bit confused came out from the kitchen in support of her children clarifying that they are innocent in the matter unaware of the question asked by the priest. In the meantime their father who entered the house also supported his family's stand in the matter. At this point the Priest laughed loudly and made them understand the real meaning of the 'missing God'. A few weeks later when the priest made another visit the children came before him shouting we have found our God!, not forgetting in revealing the fact that they used to pray to him every day. The priest was so happy and hugged the boys and blessed them by saying "never let the God to leave your home" any more. ■

## കുടുംബ വിശേഷങ്ങൾ

### സ്നേഹനിധി വിതരണം ആഗസ്റ്റ് 15 – ന്

ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ ഓർമ്മയ്ക്കായി നടത്തുന്ന സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ "സ്നേഹനിധി" (വിദ്യാഭ്യാസ സഹായ പദ്ധതി), തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായുള്ള സ്കോളർഷിപ്പ് വിതരണം ഓഗസ്റ്റ് 15–ാം തീയതി കത്തീഡ്രലിൽ നടത്തുന്നതാണ്. വികാരി ബഹു. പി.ഐ. വർഗ്ഗീസ് അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന പ്രസ്തുത സമ്മേളനത്തിൽ കൊച്ചി മെത്രാസനാധിപൻ അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനി സ്നേഹനിധി സ്കോളർഷിപ് വിതരണം ചെയ്യും. അഭി. ഡോ. തോമസ് മാർ അത്താനിയാസിയോസ്, അഭി. യൂഹാനോൻമാർ പോളിക്കാർപ്പോസ് എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്യും. സ്നേഹനിധിക്ക് ഇടവകാംഗങ്ങളുടെ സഹകരണം അഭ്യർത്ഥിക്കുന്നു. ■

### മാമ്മോദീസ

എറണാകുളം ചാമഞ്ചേരിൽ ശ്രീ. ആറോൺ ഏബ്രഹാം പ്രകാശിന്റെയും ശ്രീമതി സനു അക്കാമ്മ ജോർജ്ജിന്റെയും മകൾ **എമ്മ സാറാ പ്രകാശ്** 20.7.2013–ൽ മാമ്മോദീസ സ്വീകരിച്ചു.

*ഈ പൈതലിന് ദൈവകൃപ ആശംസിക്കുന്നു.*

### വിവാഹം



പനമ്പിള്ളി നഗർ Link Hights ൽ ശ്രീ മാത്യു വറുഗീസിന്റെയും പരേതയായ ശ്രീമതി അനില മാത്യു വറുഗീസിന്റെയും മകൾ **ലിയ മാത്യു വറുഗീസും** പാലാരിവട്ടം മങ്കിടിയിൽ ശ്രീ. ബോബി വറുഗീസിന്റെയും ശ്രീമതി സൂസി ബോബി വറുഗീസിന്റെയും മകൻ **മനു ബോബി വറുഗീസും** തമ്മിലുള്ള വിവാഹം 8.7.2013–ൽ കത്തീഡ്രലിൽ നടന്നു.

പാലാരിവട്ടം തുമ്പുങ്കൽ ശ്രീ ബോസ് മാത്യുവിന്റെയും ശ്രീമതി ഗ്ലോറിയയുടെയും മകൻ **ബിനോ ബോസും** എളമക്കര കരിയത്ത് ശ്രീ. കെ.വി. പ്രിൻസിന്റെയും ശ്രീമതി അലിന പ്രിൻസിന്റെയും മകൾ **മെറിയ പ്രിൻസും** തമ്മിലുള്ള വിവാഹം 15.7.2013–ൽ കത്തീഡ്രലിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ*

### വി. കുർബ്ബാന സമയം

എളംകുളം മാർ ഗ്രീഗോറിയോസ് ചാപ്പൽ

August 04. - 10.30 a.m, Aug.11 - 7.00 a.m, Aug. 18 - 10.30 a.m, Aug.25 - 7.00 a.m.

സെമിത്തേരിമുക്ക് ചാപ്പൽ

August 04 -7.30 a.m, Aug.18 - 7.30 a.m എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 a.m

### വിശേഷ ദിവസങ്ങൾ

| | |
|---|---|
| ആഗസ്റ്റ് 6 ചൊവ്വ | മറുരൂപപ്പെരുന്നാൾ<br>അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ഓർമ്മ (പെരുനാട് ബഥനി) |
| 15 വ്യാഴം | പതിനഞ്ചു നോമ്പു വീടൽ,<br>വി. ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ |
| 19 തിങ്കൾ | ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ ഓർമ്മ |
| സെപ്തം. 1 ഞായർ | എട്ടുനോമ്പാരംഭം |

## OCYM NEWS



**ആർദ്രത റിലീഫ് സെന്ററിന്റെ** ആഭിമുഖ്യത്തിൽ മാസം തോറും ഡയാലിസിസിനായി കൊടുക്കാറുള്ള ധനസഹായം ഫാ. ജോബ് ഡേവിസ് ജനറൽ ഹോസ്പിറ്റൽ സൂപ്രണ്ട് ഡോ. ആനിയെ ഏല്പിക്കുന്നു. ഫാ. അലക്സ് പി. ജോർജ്ജ്, OCYM അംഗങ്ങൾ എന്നിവർ സമീപം.

**ഒരു തിരുത്ത്:** കഴിഞ്ഞ ലക്കത്തിലെ ഇടയലേഖനം രണ്ടാം ഖണ്ഡികയിൽ ആദ്യം 'ഏഴരക്കൊല്ലം' എന്നത് മൂന്നരകൊല്ലം എന്നതാണ് ശരി.